പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.6007

04.11.2016-ൽ മറുപടിക്ക്

## റിവർ മാനേജ്മെന്റ് ഫണ്ട്

ചോദ്യം

ശ്രീ. ശ്രീ.കെ. കൃഷ്ണൻകുട്ടി
,, സി.കെ.നാണു
,, കോവൂർ കുഞ്ഞുമോൻ
,, കെ.ബി.ഗണേഷ് കുമാർ

ഉത്തരം

ശ്രീ. ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | റിവർ മാനേജ്മെന്റ് ഫണ്ടിൽ കേരളത്തിൽ ഏതെല്ലാം ജില്ലകൾക്കാണ് നിലവിൽ വിഹിതം അനുവദിച്ചിട്ടുള്ളതെന്നും എത്ര തുക വീതമാണ് അനുവദിച്ചതെന്നും വിശദമാക്കാമോ; | (എ) | റിവർ മാനേജ്മെന്റ് ഫണ്ട് എന്നത് കേരള നദീതീര സംരക്ഷണ മണൽ വാരൽ നിയന്ത്രണവും ചട്ടങ്ങൾ 2002 ചട്ടം 22 പ്രകാരം ഓരോ ജില്ലയ്ക്കുള്ള പ്രത്യേകം രൂപീകരിക്കപ്പെട്ടിട്ടുള്ള ഫണ്ടാണ്. പ്രസ്തുത ഫണ്ടിലേക്ക് സർക്കാർ പ്രത്യേകം തുകകൾ ഒന്നും തന്നെ അനുവദിച്ച നൽകാറില്ല. |
| (ബി) | കീഴ് നദീതടത്തിലുള്ള ജില്ലകളിൽ പ്രസ്തുത നദിയുടെ തന്നെ മേൽത്തട ജില്ലകളെക്കാൾ കൂടുതൽ വരുമാനം റിവർ മാനേജ്മെന്റ് ഫണ്ടിലേയ്ക്ക് ലഭിക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) | നാളിതു വരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | റിവർ മാനേജ്മെന്റ് ഫണ്ട് നദിയുടെ മുകൾത്തട്ടിലെ ജില്ലകൾക്കും കീഴ്ത്തട്ടിലെ ജില്ലകൾക്കും തുല്യമായി അനുവദിച്ച് നല്കാൻ എന്തെങ്കിലും തീരുമാനമെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അത് എപ്രകാരമാണെന്ന് വിശദമാക്കാമോ? | (സി) | സർക്കാർ തലത്തിൽ പരിശോധിച്ച വരുന്നു. |

സെക്ഷൻ ഓഫീസർ